# എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ നടപടിക്രമം
# ഹയർ സെക്കന്ററി വിഭാഗം, ഹൗസിങ് ബോർഡ് ബിൽഡിംഗ്
# ശാന്തി നഗർ, തിരുവനന്തപുരം

71/DGE/HSE/NSS/2024 തീയതി : 29/07/2024

## ഉത്തരവ്

**വിഷയം :** എൻ.എസ്.എസ്. ഹയർ സെക്കന്ററി വിഭാഗം- പെർഫോമൻസ് അസസ്സ്മെന്റ് കമ്മറ്റിയംഗം - ക്ലസ്റ്റർ കൺവീനർ എന്ന് പുനർനാമകരണം ചെയ്യുന്നത്-സംബന്ധിച്ച്

**സൂചന :** ഹയർസെക്കന്ററി ഉപദേശകസമിതി (2024-25) - തീരുമാനങ്ങൾ നം. 6

എൻ.എസ്.എസ്. ഹയർ സെക്കന്ററി വിഭാഗം ഭരണ സംവിധാനത്തിൽ അക്കാദമിക് വിഭാഗത്തിനു കീഴിൽ പ്രവർത്തിക്കുന്ന എൻ.എസ്.എസ്. സംവിധാനത്തിൽ നിലവിൽ റീജിയണൽ, ജില്ലാ കൺവീനർമാർ പ്രവർത്തനങ്ങളുടെ ഏകോപനം നടത്തിവരികയാണ്.

ജില്ലാ കൺവീനർമാർക്കു താഴെയായി ശരാശരി 10 മുതൽ 15 വരെ വിദ്യാലയ യൂണിറ്റുകളെ ഒരു പി.എ.സി. അംഗമാണ് പ്രവർത്തന ഏകോപനം നടത്തുന്നത്.

നിലവിലെ പി.എ.സി. സംവിധാനത്തിൽ റീജിയണൽ/ജില്ലാ കൺവീനർമാർകൂടി ഉൾപ്പെടുന്നതിനാൽ നിലവിൽ പി.എ.സി. അംഗം എന്ന രീതിയിൽ ക്ലസ്റ്റർ ചുമതല നിർവ്വഹിക്കുന്ന ചുമതലക്കാരെ ക്ലസ്റ്റർ കൺവീനർമാർ എന്ന് പുനർനാമകരണം ചെയ്യാൻ സൂചന ഉപദേശകസമിതി യോഗം തീരുമാനിച്ചിരുന്നു.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ ക്ലസ്റ്റർ ചുമതലയുള്ള പി.എ.സി. അംഗത്തിന്റെ സ്ഥാനപേര് ക്ലസ്റ്റർ കൺവീനർ എന്ന് പരിവർത്തനം ചെയ്ത് ഉത്തരവാകുന്നു.

പ്രോഗ്രാം കോ-ഓർഡിനേറ്റർ